പൂതൃക്ക
No. 24-12-2021

**ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ**
എറണാകുളം

സാർ,
*വിഷയം : ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ പൂതൃക്ക,*
*എറണാകുളം : വികസനപദ്ധതി അംഗീകരിക്കുന്നത് സംബന്ധിച്ച്.*

ഒരു നൂറ്റാണ്ടിൽപരം പൈതൃകം പേറുന്ന ഒരു സർക്കാർ സ്കൂളാണ് എറണാകുളം ജില്ലയിലെ **പൂതൃക്ക ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ**. 1908ൽ പ്രവർത്തനം ആരംഭിച്ച് ഈ സ്കൂളിൽ ഏകദേശം പതിമൂവായിരത്തിലധികം വ്യക്തി ജീവിതങ്ങളാണ് പഠിച്ചു ജീവിതത്തിന്റെ വിവിധ തലങ്ങളിൽ മുന്നേറിയത്. **ജില്ലയിലെ തന്നെ ഏറ്റവും മികച്ച വിദ്യാലയങ്ങളിൽ** ഒന്നായി തല ഉയർത്തി നിന്നിരുന്ന ഈ സ്ഥാപനം ധാരാളം കുട്ടികളെ ആകർഷിച്ചിരുന്നു. മാറി വരുന്ന സാഹചര്യത്തിൽ കുട്ടികൾക്ക് ഏറ്റവും മികച്ച പഠന സൗകര്യങ്ങൾ ഒരുക്കിയാൽ മാത്രമാണല്ലോ സർക്കാർ സ്കൂളുകൾക്ക് നിലനിൽക്കാൻ സാധിക്കുകയുള്ളൂ. വിവിധ സന്നദ്ധ സംഘടനകളുടെയും പൂർവ്വ വിദ്യാർത്ഥി-അദ്ധ്യാപക സംഘടനകളുടെയും ശക്തമായ പിന്തുണ ഉണ്ടെങ്കിലും **വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസം നേടാനുള്ള പഠന സാഹചര്യങ്ങൾ നൽകാൻ മുഴുവനായി നമുക്ക് സാധിക്കുന്നില്ല**. അതുകൊണ്ട് തന്നെ **സ്കൂളിന്റെ മുന്നേറ്റം മന്ദഗതിയിൽ ആണ്** എന്നത് ഒരു വസ്തുതയാണ്

ആധുനിക കാലഘട്ടത്തിൽ മാതാപിതാക്കൾ ആഗ്രഹിക്കുന്ന മികച്ച വിദ്യാഭ്യാസം കുട്ടികൾക്ക് നല്കണം എങ്കിൽ ഈ സ്കൂളിൽ ഇനിയും

ലഭ്യമാക്കേണ്ട നിരവധി പഠന സാഹചര്യങ്ങൾ ഉണ്ട്. അത് അങ്ങയെ അറിയിക്കുകയും ബോധ്യപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഈ നിവേദനത്തിൻറെ ലക്ഷ്യം. **സ്കൂളിന് അടിയന്തരമായി ലഭ്യമാക്കേണ്ട സൗകര്യങ്ങൾ സംബന്ധിച്ച് ഒരു ഏകദേശരേഖ ഇതോടൊപ്പം സമർപ്പിക്കുകയാണ്**. സംസ്ഥന സർക്കാരിന്റെ **കിഫ്‌ബി പദ്ധതി** വഴിയും പൊതു വിദ്യാഭ്യാസ സംരക്ഷണ യന്ജം/വിദ്യാകിരണം തുടങ്ങീ പദ്ധതികൾ വഴിയായി ഞങ്ങളുടെ ആവശ്യം നിറവേറ്റി നൽകണം എന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ഈ നിവേദനം അനുഭാവപൂർവ്വം പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കും എന്ന പ്രതീക്ഷയോടെ,

**പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ** **പി ടി എ പ്രസിഡന്റ്**

**പകർപ്പ്**
ചീഫ് സെക്രട്ടറി , കേരളം
ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ഓഫീസർ

## ആവശ്യങ്ങൾ

സ്കൂളിലേക്ക് ആവശ്യമായ സാഹചര്യങ്ങൾ / പഠന സൗകര്യങ്ങളുടെ ഒരു ലിസ്റ്റ് ഇതോടൊപ്പം ചേർക്കുകയാണ്. അധ്യാപകരുടെയും സ്കൂളുമായും ബന്ധപ്പെട്ട പി ടി എ, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി, അലുംനി അസോസിയേഷൻ, വെൽഫെയർ കമ്മിറ്റി, തുടങ്ങിയവരുമായും ഈ വിഷയം സംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായി. വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ വരുമ്പോൾ ലഭ്യമായ ഫണ്ട് ഉപയോഗിച്ച് ചുരുങ്ങിയ രീതിയിൽ മാത്രം നടത്തുന്ന നവീകരണ പ്രവർത്തനങ്ങൾ നിരവധി പ്രായോഗിക പ്രശ്ങ്ങൾ പിന്നീട് ഉണ്ടാക്കാറുണ്ട്. അതുകൊണ്ട് തന്നെ സ്കൂളിന് ഒരു മാസ്റ്റർ പ്ലാൻ ആദ്യം തയ്യാറക്കുകയും അതനുസരിച്ച് മുന്നോട്ടുള്ള വികസനം സാധ്യമാക്കുകയും ചെയ്യണം എന്നാണ് ഈ ചർച്ചകളിൽ നിന്ന് വ്യക്തമായത്. പ്രസ്തുത പശ്ചാത്തലത്തിലും ഇപ്പോൾ ഉള്ള സൗകര്യങ്ങളുടെ ലഭ്യത കണക്കിലെടുത്ത് ശേഷം ഇനി ആവശ്യമായവയാണ് സ്കൂളിൽ ലഭ്യമാക്കേണ്ടത് എന്ന അനുമാനത്തിൽ ആണ് ഈ പ്രൊജക്റ്റ് തയ്യാറാക്കിയത്. നിലവിൽ കെട്ടിടങ്ങൾക്ക് അപര്യാപ്തത ഇല്ലെങ്കിലും കുട്ടികൾക്ക് മികച്ച പഠന സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് നമുക്ക് അത്യാവശ്യമായി വരുന്നത് . അത്തരം ആവശ്യങ്ങളാണ് പ്രധാനമായും ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് .

***അടിസ്ഥാന സൗകര്യങ്ങൾ / ടോയ്‌ലറ്റ്/കുടിവെള്ളം / മാലിന്യ സംസ്‌ക്കരണം:*** ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഉള്ള ടോയ്‌ലെറ്റുകളുടെ സൗകര്യം തികച്ചും അപര്യാപ്തമാണ്. അവ നിർമ്മിക്കുകയും ഒപ്പം നിലവിലുള്ളവ നവീകരിക്കുകയും ചെയ്യണം. പെൺകുട്ടികൾക്ക് ആവശ്യമായ വെന്ററിങ് മെഷീൻ , ഇൻസിനേരേറ്റർ എന്നിവ അടിയന്തര ആവശ്യമാണ്. കുടിവെള്ളം, മാലിന്യ സംസ്കരണ

പ്ളാൻറ്, കാന്റീൻ എന്നിവ വളരെ നല്ല രീതിയിൽ ക്രമീകരിക്കേണ്ട ആവശ്യമുണ്ട് .

**ലാബുകൾ:** കുട്ടികളുടെ ആശയം സർഗ്ഗാത്മകത തുടങ്ങിയവ പ്രോത്സാഹിപ്പിക്കാനായി സയൻസ്, മാത്സ്, തുടങ്ങിയ ശാസ്ത്രീയ വിഷയങ്ങളിൽ കൗതുകം ജനിപ്പിക്കുന്ന നൂതന ലാബുകൾ ക്രമീകരിക്കണം. അതുവഴി കുട്ടികൾക്ക് പ്രായോഗിക ജ്ഞാനവും ഒപ്പം തന്നെ വിവിധ വിഷയങ്ങളിൽ ജിജ്ഞാസയും വർദ്ധിപ്പിക്കാൻ സാധിക്കും. മുന്നോട്ടുള്ള പ്രവർത്തന മേഖല നിശ്ചയിക്കാൻ ഈ പ്രവർത്തനങ്ങൾ വളരെ അധികം സഹായിക്കും.

**വിവര സാങ്കേതിക വിദ്യകൾ:** നിലവിലുള്ളതും വളർന്നു വരുന്നതുമായ വിവര സാങ്കേതിക വിദ്യകൾ കുട്ടികൾ അടുത്ത അറിയേണ്ടതുണ്ട് . എന്നാൽ അതിന്റെ അപര്യാപ്തത ഈ സ്കൂളിലെ കുട്ടികളെ നന്നായി പിന്നോട്ട് അടിക്കുന്നുണ്ട്. ലാപ്ടോപ്പ്, സ്മാർട്ട് ക്ലാസ് റൂം, പ്രൊജക്ടർ, ഇന്റർനെറ്റ് സൗകര്യങ്ങൾ, VIRTUAL അനുഭവം ഇവയുമായി ബന്ധപ്പെട്ട വളരെ അത്യാവശ്യമായി ഈ സ്കൂളിന് സൗകര്യങ്ങൾ നൽകേണ്ടതുണ്ട് .

**സ്പോർട്സ്:** കുട്ടികൾക്ക് പഠനത്തോടപ്പം കായിക ക്ഷമതയും വിനോദവും വളർത്തേണ്ടത് അത്യാവശ്യമാണ്. എന്നാൽ സ്കൂളിൽ അതിനുള്ള സൗകര്യം തീരെ ഇല്ല എന്ന് തന്നെ പറയാം. സ്പോർട്സ് കോർട്ട്, അതിലേക്കു ആവശ്യമായ സൗകര്യങ്ങൾ, കളിക്കോപ്പുകൾ എന്നിവ അത്യാവശ്യമായി ലഭ്യമാക്കേണ്ടത് ആണ്. സ്കൂൾ ഗ്രൗണ്ടിന് വേണ്ട ചുറ്റുമതിൽ സംരക്ഷണം / ഫെൻസിങ് അത്യാവശ്യമായി നൽകിയാൽ മാത്രമേ കായിക വിനോദങ്ങൾ കുട്ടികൾക്ക് ആസ്വദിക്കാൻ സാധിക്കുകയുള്ളൂ .

**ലൈബ്രറി:** പുസ്തകങ്ങൾ കുട്ടികളെ മറ്റൊരു ലോകത്തേക്ക് നയിക്കുന്നു. വിജ്ഞാനത്തിനും വളർച്ചയ്ക്കും ഇവ ഒരുപോലെ ആവശ്യമാണ്. പുസ്തകങ്ങൾക്ക് ഒപ്പം തന്നെ ഇന്റർനെറ്റ് ലോകത്തെ വിവരങ്ങളും കുട്ടികൾക്ക് അറിയാനയും വായിക്കാനും സൗകര്യം ഉണ്ടാകണം. ഡിജിറ്റൽ ലൈബ്രറി, വിജ്ഞാന ശേഖരത്തിലേക്കുള്ള കടന്നു ചെല്ലൽ എന്നിവയ്ക്ക് നാം സൗകര്യം ഒരുക്കണം.

**പഠന ഉപകരണങ്ങൾ:** ബെഞ്ച്, ഡെസ്ക്, കസേര, അലമാരി, എക്സിക്യൂട്ടീവ് ചെയർസ് തുടങ്ങി ക്ലാസ് റൂമിൽ ദൗർലഭ്യമുള്ള ഉപകരണം/വസ്തുക്കൾ എന്നിവയുടെ വിവരങ്ങളും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**CCTV:** കുട്ടികളുടെ സംരക്ഷണത്തിന് ഈ സംവിധാനം വളരെ അടിയന്തരമായി നൽകേണ്ടത് ആണ് .

**വൈദ്യുതി:** വയറിങ് സംബന്ധമായ ധാരാളം അറ്റകുറ്റ പണികൾ ചെയ്യേണ്ടതുണ്ട്. വൈദ്യുതി ഇല്ലാത്തപ്പോൾ അനുസ്യൂതം പഠനം മുന്നേറാൻ സമാന്തര സംവിധാനം ആവശ്യമാണ്. സോളാർ പ്ലാന്റ് സ്ഥാപിക്കാൻ വേണ്ട നടപടി സ്വീകരിച്ചൽ തികച്ചും സ്വാഗതാർഹം ആയിരിക്കും. ഇൻവെർട്ടർ /ബാറ്ററി /ജനറേറ്റർ എന്നിവ ക്രമീകരിക്കുന്നത് വളരെ പ്രയോജന പ്രദമാണ് .

**മോടി പിടിപ്പിക്കൽ:** സ്കൂളിന്റെ പരിസരം മനോഹരം ആക്കുക എന്നത് കുട്ടികൾക്ക് തികസിച്ചും ആസ്വാദനം നൽകുന്ന പഠനാനുഭവം ആയിരിക്കും . ഉദ്യാനം, ആംഭിതിയേറ്റർ, അംഗവൈകല്യം ഉള്ളവർക്കുള്ള സൗകര്യങ്ങൾ , തുടങ്ങി സ്ക്കൂൾ കോമ്പൗണ്ട് മനോഹരം ആക്കാൻ ശ്രമങ്ങൾ ആവശ്യമാണ്

**ഉപയോഗിക്കാത്ത കെട്ടിടങ്ങൾ:** ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങൾ ഉടനെ പൊളിച്ചു മാറ്റണം. എന്നാൽ ഉപയോഗിക്കാൻ സാധിക്കുന്ന കെട്ടിടങ്ങൾ പലതും നശിച്ചു പോകുന്നത് ഒഴിവാക്കാൻ അവൈഡ് അധ്യാപക ക്വാർട്ടേഴ്സ് മാറ്റ് പരിശീലന കേന്ദ്രങ്ങൾ എന്നിവ കൊണ്ട് വരാൻ സഹായിക്കണം

**അധ്യാപകരുടെ ലഭ്യത :** സമയാ സമയങ്ങളിൽ അധ്യാപകരുടെ ലഭ്യത ഉറപ്പാക്കിയാൽ കുട്ടികളുടെ പഠനം സുഗമം ആക്കാൻ സാധിക്കും

**യാത്ര സൗകര്യം :** ഗ്രാമ പ്രദേശം ആയതിനാൽ യാത്ര സൗകര്യം ഒരു വെല്ലുവിളിയാണ്. പൊതുഗതാഗത സൗകര്യങ്ങൾ / KSRTC എന്നിവയുടെ ലഭ്യത ഉറപ്പാക്കാൻ നടപടി സ്വീകരിക്കണം.

## എസ്റ്റിമേറ്റ്

| ക്രമ നമ്പർ | ആവശ്യം | എണ്ണം | യൂണിറ്റ് വില | ആകെ |
|---|---|---|---|---|
| 1 | പെൺകുട്ടികളുടെ ടോയ്‌ലറ്റ് റിപ്പയർ | 8 | 25000 | 200000 |
| 2 | ബേബി ടോയ്‌ലറ്റ് | 5 | 20000 | 100000 |
| 3 | ആൺ കുട്ടികളുടെ ടോയ്‌ലറ്റ് റിപ്പയർ | 4 | 20000 | 80000 |
| 4 | ഡെസ്ക് | 20 | 3000 | 60000 |
| 5 | ബെഞ്ച് | 20 | 2500 | 50000 |
| 6 | കമ്പ്യൂട്ടർ ലാബ് | 1 | 2500000 | 2500000 |
| 7 | ലാപ്ടോപ്പ് | 30 | 45000 | 1350000 |
| 8 | ഹെഡ് ഫോൺ | 40 | 1000 | 40000 |
| 9 | പ്രൊജക്ടർ | 10 | 45000 | 450000 |
| 10 | സയൻസ് ലാബ് | 1 | 2000000 | 2000000 |
| 11 | മാത്സ് ലാബ് | 1 | 300000 | 300000 |

| | | | | |
|---|---|---|---|---|
| 12 | സ്പോർട്സ് റൂം റിപ്പയർ | 1 | 50000 | 50000 |
| 13 | സ്പോർട്സ് ഉപകരണങ്ങൾ | 1 | 300000 | 300000 |
| 14 | യൂ പി വിഭാഗം പഴയ കെട്ടിടത്തിന്റെ നവീകരണം | 1 | 1500000 | 1500000 |
| 15 | സ്മാർട്ട് ബോർഡ് | 13 | 25000 | 325000 |
| 16 | കസേര (സ്കൂൾ ഓഡിറ്റോറിയം ) | 500 | 920 | 460000 |
| 17 | കുടിവെള്ള സൗകര്യം | 1 | 150000 | 150000 |
| 18 | ഇൻവെർട്ടർ സിസ്റ്റം | 2 | 70000 | 140000 |
| 19 | സോളാർ പ്ലാൻറ് | 1 | 7500000 | 7500000 |
| 20 | ലൈബ്രറി വിപുലീകരണം | 1 | 500000 | 500000 |
| 21 | അലമാരകൾ | 6 | 10000 | 60000 |
| 22 | CCTV സിസ്റ്റം | 5 | 20000 | 100000 |
| 23 | വെന്റിങ് മെഷീൻ | 2 | 30000 | 60000 |
| 24 | എക്സിക്യൂട്ടീവ് ചെയർസ് (കമ്പ്യൂട്ടർ ലാബ് ) | 40 | 3500 | 140000 |
| 25 | ഇലക്ട്രിക്ക് വർക്സ് | 1 | 300000 | 300000 |
| 26 | വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം | 10 | 5000 | 50000 |
| 27 | സ്കൂൾ ഫെൻസിങ് | 1 | 1500000 | 1500000 |
| 28 | ബാഡ്മിന്റൺ കോർട്ട് | 1 | 1000000 | 1000000 |
| 29 | വോളി ബോൾ കോർട്ട് | 1 | 1500000 | 1500000 |
| 30 | കോമ്പൗണ്ട് മോഡി പിടിപ്പിക്കൽ | 1 | 3000000 | 3000000 |
| 31 | സ്റ്റാഫ് റൂം സൗകര്യങ്ങൾ | 1 | 500000 | 500000 |
| 32 | സ്കൂൾ കാന്റീൻ | 1 | 500000 | 500000 |
| 33 | ക്വാർട്ടേഴ്സ് നവീകരണം | 1 | 1000000 | 1000000 |
| 34 | ഹയർ സെക്കണ്ടറി ലാബുകളുടെ നവീകരണം | 1 | 2000000 | 2000000 |
| 35 | സൗണ്ട് സിസ്റ്റം | 1 | 100000 | 100000 |
| 36 | സ്കൂൾ ആഡിറ്റോറിയം | 1 | 2500000 | 2500000 |

| | | | | |
|---|---|---|---|---|
| 37 | പ്ലേ സ്കൂൾ നവീകരണം | 1 | 1500000 | 1500000 |
| 38 | സ്കൂൾ ഗ്രൗണ്ട് സജ്ജമാക്കൽ | 1 | 250000 | 250000 |
| | **ആകെ** | | | **34,115,000** |

**(ആകെ മൂന്നു കോടി നാല്പത്തി ഒന്ന് ലക്ഷത്തി പതിനയ്യായിരം രൂപ )**